പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2856 **29-10-2026-ൽ മറുപടിയ്ക്ക്**

മൂന്നാംകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നവീകരിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. നീലകണ്ഠൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ഉദുമ മണ്ഡലത്തിലെ പെരിയ-കുണ്ടംകുഴി റോഡിൽ മൂന്നാംകടവ് പാലത്തിന്റെ അപ്രോച്ച് റോഡിലെ കുത്തനെയുള്ള കയറ്റവും വളവും സൃഷ്ടിക്കുന്ന അപകടാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: പ്രസ്തുത റോഡിലെ കുത്തനെയുള്ള കയറ്റവും വളവും സൃഷ്ടിക്കുന്ന അപകടാവസ്ഥ പരിഹരിക്കുന്നതിന് ഡിസൈൻ വിഭാഗത്തിന്റെ നിർദ്ദേശം പ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. സൈറ്റിൽ ആയത് പരിശോധിക്കുന്നതിനും, ആവശ്യമായ കൂടുതൽ വിവരങ്ങൾ ഡിസൈൻ വിഭാഗത്തിന് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയ പ്രകാരം കൂടുതൽ വിവരങ്ങൾ തയ്യാറാക്കി വരുന്നു. ഡിസൈൻ വിഭാഗത്തിൽ നിന്നും ഫൈനൽ ഡ്രോയിങ് തയാറാക്കുന്ന മുറയ്ക്ക് റീ - അലൈന്മെന്റിന്റെ ഫീസിബിലിറ്റി കൂടി പരിഗണിച്ച്, ആവശ്യമെങ്കിൽ സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) അപകടാവസ്ഥ പരിഹരിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ഈ അപ്രോച്ച് റോഡിന്റെ നിർമ്മാണം അശാസ്ത്രീയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടന്നിട്ടുണ്ടോ?

മറുപടി: പ്രസ്തുത റോഡിലെ കുത്തനെയുള്ള കയറ്റവും വളവുകളും കാരണം തുടർച്ചയായ വാഹനാപകടങ്ങൾ നടന്നതു കാരണമായി, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി പൊതുമരാമത്ത് ഡിസൈൻ വിഭാഗം റോഡിന്റെ അലൈന്മെന്റ് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ